പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8206

17.07.2014-ലെ മറുപടിയ്ക്ക്

## തൊഴിലില്ലായ്മ വേതന വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലില്ലായ്മ വേതനമായി എത്ര തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 29 മാസത്തെ തൊഴിലില്ലായ്മ വേതന വിതരണത്തിനായി 83,05,91,321/- രൂപ (എൺപത്തി മൂന്നു കോടി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി മുന്നൂറ്റി ഇരുപത്തി ഒന്ന് രൂപ) വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | തൊഴിലുറപ്പ് പദ്ധതി വ്യാപകമായ സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ ; | ബി) | തൊഴിലുറപ്പ് പദ്ധതി വ്യാപകമായ സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. |
| (സി) | തൊഴിലില്ലായ്മ വേതനം പറ്റുന്നവർ തൊഴിലുറപ്പ് പദ്ധതിയിൽ അംഗമാണോ എന്ന് പരിശോധിക്കാറുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ? | (സി) | ഉണ്ട്. 1998 ലെ കേരള തൊഴിൽ രഹിതവേതന പദ്ധതിയുടെ പുതുക്കിയ ചട്ടങ്ങളിലെ ജി.ഒ.(പി) 23/98/തൊഴിൽ തീയതി 28.05.1998 ലെ ചട്ടം 3 (ii) പ്രകാരം പ്രതിമാസം 500/- രൂപയിൽ കൂടുതൽ വരുമാനമുള്ള തൊഴിൽ ലഭിക്കുകയാണെങ്കിൽ തൊഴിൽ രഹിത വേതന പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹനല്ലാതാവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.<br>15.02.09 ലെ ജി.ഒ.(പി) നമ്പർ 169/2009 / തൊഴിൽ പ്രകാരം തൊഴിൽ രഹിതവേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്ന ഒരാൾ 35 വയസ്സ് പൂർത്തിയാകുകയോ രജിസ്ട്രേഷൻ ലാപ്സാകുകയോ തൊഴിൽ ലഭിക്കുകയോ സ്വയം തൊഴിൽ പദ്ധതിപ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിക്കുകയോ NREG Act പ്രകാരമുള്ള തൊഴിൽ ലഭിച്ചതുമൂലം വ്യക്തിഗത കുടുംബവരുമാനം |

പരിധിയലധികമാവുകയോ ആണെങ്കിൽ ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വേതനവിതരണം നിർത്തൽ ചെയ്യേണ്ടതും വിവരം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് ഓഫീസറെ അറിയിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വേതനവിതരണം നടത്തുന്ന സമയത്ത് പരിശോധിച്ച് അനർഹരായവരെ ഒഴിവാക്കാറുണ്ട്.

സെക്ഷൻ ഓഫീസർ